## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2947** **21.08.2017 ൽ മറുപടിയ്ക്ക്**

## ഹരിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകേരളം പദ്ധതി നടപ്പാക്കുന്നതിന് കൃഷി വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | എ) "ഹരിതകേരളം പദ്ധതി"യുടെ ഭാഗമായി "സുജലം സുഫലം" എന്ന ജൈവകൃഷി രീതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഉപദൗത്യമാണ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. പച്ചക്കറി, നെല്ല്, ഫലവർഗ്ഗങ്ങൾ മുതലായ അടിസ്ഥാന കൃഷി ഉല്പന്നങ്ങളിൽ സ്വയം പര്യാപ്തതയ്ക്കുള്ള ഇടപെടലുകൾ നടത്തുക, ജൈവകൃഷി പ്രോത്സാഹനം, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, തരിശ് നിലങ്ങൾ, പൊതുസ്ഥലങ്ങൾ, വീടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പച്ചക്കറി വ്യാപനം, കാർഷികോല്പന്നങ്ങളുടെ വിപണി സംവിധാനം പരിഷ്കരിക്കൽ, മൂല്യ വർദ്ധനവിനുള്ള സംരംഭങ്ങൾ സ്ഥാപിക്കുക എന്നിവ "സുജലം സുഫലം" പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളിലെ ചില ഘടകങ്ങൾ "സുജലം സുഫലം" പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കി വരുന്നത്. ഇതിനാവശ്യമായ തുക 2017-18 ലെ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം 31.07.2017 വരെ നെൽകൃഷി,പച്ചക്കറി വികസനത്തിനായി ചിലവഴിച്ച തുക ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | ചിലവഴിച്ച തുക(ലക്ഷം രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 89.43 |
| 2 | കൊല്ലം | 88.52 |
| 3 | പത്തനംതിട്ട | 88.29 |
| 4 | ഇടുക്കി | 88.08 |
| 5 | കോട്ടയം | 97.35 |
| 6 | ആലപ്പുഴ | 174.44 |
| 7 | എറണാകുളം | 72.13 |
| 8 | തൃശ്ശൂർ | 71.28 |
| 9 | പാലക്കാട് | 123.76 |
| 10 | മലപ്പുറം | 51.91 |
| 11 | കോഴിക്കോട് | 119.79 |
| 12 | വയനാട് | 25.58 |
| 13 | കണ്ണൂർ | 71.91 |
| 14 | കാസർഗോഡ് | 41.7 |
| | ആകെ | **1204.17** |

ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയത് വഴി ഏതൊക്കെ കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനത്തിലാണ കേരളം സ്വയംപര്യാപ്തത കൈവരിച്ചതെന്നു വ്യക്തമാക്കുമോ;

ബി) "ഹരിതകേരളം പദ്ധതി"യുടെ ഭാഗമായുള്ള "സുജലം സുഫലം" ഉപദൗത്യത്തിന്റെ നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ആയത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ വിവിധ കാർഷിക വിഭവങ്ങളുടെ ഉത്പാദനത്തിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചതിനെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**